




എങ്കിലും ഞെളിയൻ പറമ്പ് അടച്ചുപൂട്ടുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാൻ നാട്ടുകാർ ഒരുക്കമല്ല. പതിറ്റാണ്ടുകളായി ദേശവാസികളുടെ ജീവിതത്തിനുമേലുള്ള മാലിന്യ അഭിഷേകം അവസാനിപ്പിക്കാതെ ഒരു നീക്കുപോക്കിനും സാധ്യമല്ലാത്ത വിധം സമരത്തെ ജ്വലിപ്പിച്ചു നിർത്തുകയാണ് ഞെളിയൻപറമ്പ് സമര സമിതി

# ഞെളിയൻപറമ്പ്
# അന്തിമസമരം തുടങ്ങുന്നു

വി. പി. റജീന

സമരചരിത്രത്തിൻെറ നീണ്ട പതിറ്റാണ്ടുകൾക്കൊടുവിൽ കോഴിക്കോട്ടെ ഞെളിയൻപറമ്പ് സമരം അതിൻെറ നിർണായക വഴിത്തിരിവിലെത്തിനിൽക്കുന്നു. എഴുപത് വർഷങ്ങളായി ഒരു ജനതക്കുമേൽ മഹാദുരിതം വിതച്ച് സംസ്ഥാനത്തെ മാലിന്യക്കൂമ്പാരങ്ങളിൽ മുമ്പനായി മാറിയ ഞെളിയൻപറമ്പിൻെറ മോചനത്തിനായി സമരമുന്നണികളും ദേശവാസികളും അന്തിമ പോരാട്ടത്തിലേക്കു കടന്നിരിക്കുകയാണ്. ഞെളിയൻപറമ്പ് സമര സമിതി ജൂലൈ 25ന് നടത്തിയ സമര പ്രഖ്യാപന കൺവെൻഷനിൽ പ്രശ്നത്തിനെതിരെ പൊതുജനവികാരം രൂക്ഷമായി അലയടിച്ചു. രാഷ്ട്രീയ -സാംസ്കാരിക രംഗത്തെ പലരും ഐക്യദാർഢ്യം പ്രഖ്യാപിച്ച ഈ യോഗത്തിൽ, പ്രശ്നത്തിൽ കോഴിക്കോടു നഗരസഭയും ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തും കൈക്കൊള്ളുന്ന അലംഭാവത്തിനും കള്ളക്കളികൾക്കുമെതിരെ താക്കീതു നൽകിയും സന്ധിയില്ലാ സമരം പ്രഖ്യാപിച്ചുമാണ് നാട്ടുകാർ പിരിഞ്ഞത്.

തെരഞ്ഞെടുപ്പിനു മുന്നോടിയായി സംസ്ഥാനത്തെ മൂന്നു പഞ്ചായത്തുകളെ നഗരസഭയിൽ ലയിപ്പിക്കാൻ തീരുമാനിച്ചപ്പോൾ അതിലൊന്ന് ഞെളിയൻ പറമ്പ് നിലകൊള്ളുന്ന ചെറുവണ്ണൂർ- നല്ലളം പഞ്ചായത്തായിരുന്നു. പഞ്ചായത്തിനെ കോഴിക്കോട് കോർപറേഷനിൽ ചേർക്കാൻ അധികൃതർ തീരുമാനിച്ചത് മറ്റൊന്നും കൊണ്ടായിരുന്നില്ല. കോർപറേഷൻെറ മാലിന്യം പഞ്ചായത്തിൽ തള്ളുന്നുവെന്നുള്ള പരാതിക്കാരുടെ നാവടപ്പിക്കുക എന്നതുകൂടിയായിരുന്നു ഇതിൻെറ ലക്ഷ്യമെന്ന് സമരമുഖത്തുള്ളവർ പറയുന്നു. ലയനത്തിനെതിരെ കോടതിയിൽ വന്ന ഹരജി തള്ളിയതോടെ തീരുമാനം പ്രാബല്യത്തിൽ വന്നത് പ്രദേശത്തുകാർക്ക് മറ്റൊരു അടിയായി.

എങ്കിലും ഞെളിയൻപറമ്പ് അടച്ചുപൂട്ടുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാൻ നാട്ടുകാർ ഒരുക്കമല്ല. പതിറ്റാണ്ടുകളായി ദേശവാസികളുടെ ജീവിതത്തിനുമേലുള്ള മാലിന്യ അഭിഷേകം അവസാനിപ്പിക്കാതെ ഒരു നീക്കുപോക്കിനും സാധ്യമല്ലാത്ത വിധം സമരത്തെ ജ്വലിപ്പിച്ചു നിർത്തുകയാണ് ഞെളിയൻ പറമ്പ് സമര സമിതി. സിപിഎം ഭരിക്കുന്ന പഞ്ചായത്തിലെ ചാരൻമാൻ സമരത്തെ തകർക്കാൻ പല ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. പലരെയും ഭീഷണിപ്പെടുത്തി പിന്മാറാൻ പ്രേരിപ്പിക്കുന്നു. സമരത്തിൽ നിന്ന് പിൻമാറിയില്ലെങ്കിൽ മകനെ നഷ്ടമാവുമെന്നാണ് ഒരു വൃദ്ധ പിതാവിന് നൽകിയ താക്കീത്. കൺവെൻഷനിൽ പങ്കെടുക്കാൻ വരുന്നവരെ തടയാനുള്ള ശ്രമവും ഉണ്ടായി. എന്നാൽ ഇത്തരം ഭീഷണികൾ വിലപ്പോവില്ലെന്നും സമരം ആരുടെയും കുത്തകയല്ലെന്നും പ്രഖ്യാപിച്ചുകൊണ്ടാണ് സമര കൺവെൻ




ഷൻ സമാപിച്ചത്. ഇതിനുശേഷം ആഗസ്റ്റ് ഒന്നിന് ഞെളിയൻ പറമ്പ് ഉപരോധവും നടത്തി. ഇവിടേക്കു മാലിന്യവുമായി വരുന്ന ലോറികൾ സമരക്കാർ തടഞ്ഞു. വരുംനാളുകളിൽ സമരം രൂക്ഷമാവുമെന്നുള്ള താക്കീതു നൽകുന്നതായിരുന്നു ഉപരോധം.

**നിലക്കാത്ത മാലിന്യ പ്രവാഹം**

പ്രതിദിനം മുന്നൂറ് ടൺ തൂക്കം വരുന്ന നഗരമാലിന്യങ്ങളുടെ ഒഴുക്ക് ഇവിടേക്ക് ഇപ്പോഴും തുടരുകയാണ്. കോർപറേഷനിലെ 52വാർഡുകളിൽ നിന്നായി 40തിലേറെ ലോറികളിലായാണ് ഇത് ഇവിടെ എത്തുന്നത്. പരിസ്ഥിതിയെയും ജനങ്ങളുടെ ആരോഗ്യത്തെയും പാടെ തകർത്തുകളഞ്ഞ് പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യം കുന്നുപോലെ ഒരു വശത്തു കൂട്ടിയിരിക്കുന്നു. വർഷങ്ങളുടെ പഴക്കമുള്ള മാലിന്യങ്ങൾ വരെ ഇവിടെയുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുടെ വരവോടെ മാലിന്യം തള്ളലിന് പുതിയ സ്വഭാവം വന്നു. നഗരത്തിലെ വീടുകളിൽ മുമ്പ് സ്വയം സംസ്കരിച്ചിരുന്ന പാഴ്വസ്തുക്കൾ എല്ലാം തന്നെ കൂട്ടി വെച്ച് കുടുംബശ്രീക്കാർക്ക് എടുത്തുകൊടുക്കാൻ തുടങ്ങി. ഇതെല്ലാം എത്തുന്നതാവട്ടെ പാവം ഞെളിയൻപറമ്പുകാരുടെ നെഞ്ചത്തേക്കും. ഇതിനു പുറമെയാണ് കുടുംബശ്രീക്കാർ അറവുശാലകളിൽ നിന്ന് 50രൂപ നിരക്കിൽ അറവു മാലിന്യം ശേഖരിച്ച് ഇവിടെ തള്ളുന്നത്. നൂറുകണക്കിന് തെരുവു നായകളുടെ വിഹാരകേന്ദ്രമാക്കി ഇത് ഞെളിയൻ പറമ്പിനെ മാറ്റി. പക്ഷിൾ ഇവ കൊത്തി കിണറുകളിലും അലക്കി വിരിച്ചതിലും കൊണ്ടിടുന്നു. അസഹ്യമായ ദുർഗന്ധം നാടിനെയാകെ പൊതിയുന്നു.

മാലിന്യത്തിൽ നിന്ന് ഊറിയിറങ്ങുന്ന കറുത്തു കൊഴുത്തിരുണ്ട അഴുക്കുവെള്ളം കെട്ടിക്കിടക്കുന്ന പറമ്പിന്റെ പിറകു വശം കൊതുകുൽപാദനത്തിന്റെ വൻ ഫാക്ടറിയാണ്. മതില് കാണാൻ പറ്റാത്ത വിധം കൊതുകിനാൽ അലങ്കരിക്കപ്പെട്ട ചുവരുകളാണ് സന്ധ്യാ നേരങ്ങളിൽ ഞെളിയൻ പറമ്പിനു സമീപത്തെ വീടുകളിൽ. ഇവിടെ എല്ലാവരും ഏതെങ്കിലും തരത്തിലുള്ള രോഗങ്ങൾക്കടിമകളാണ്. കാൻസർ,മഞ്ഞപ്പിത്തം, ചികുൻ ഗുനിയ എന്നിവയെല്ലാം ഇവിടെ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സോറിയാസിസ്,ആസ്തമ,വിട്ടുമാറാത്ത ചുമ,തുടങ്ങിയ അലർജി രോഗങ്ങളുടെ പിടിയിലാണിന്ന് ഈ ദേശം.

ക്ലീൻ കേരള മിഷൻ ഡയറക്ടർ പ്രൊഫ.സലീം ഞെളിയൻപറമ്പിനടുത്ത വീടുകൾ ഒരിക്കൽ സന്ദർശിച്ചു. സാറെ, നിങ്ങളുടെ കൂടെ സ്ത്രീകളില്ലെ? ഉണ്ടെങ്കിൽ അവർക്കു കാണിച്ചുകൊടുക്കാമായിരുന്നു ഞങ്ങളുടെ ശരീരത്തിലെ രോഗങ്ങള്' എന്നാണ് ഇവിടുത്തെ സ്ത്രീകൾ കരഞ്ഞു പറഞ്ഞത്. തികച്ചും ഭീതിതമായ ഒറ്റപ്പെടലിന്റെ നോവിലാണിവർ. മക്കളെ ഇവിടേക്ക് വിവാഹം കഴിച്ചയനോ ഇവിടെനിന്ന് കെട്ടാനോ ആരും തയാറല്ല. കല്യാണം നടക്കുകയാണെങ്കിൽ തന്നെ ഇവിടെ നിന്ന് ഭക്ഷണം കഴിക്കാൻ ആളുകൾ ഒരുക്കമല്ല. പച്ചവെള്ളം പോലും കുടിക്കാൻ പലരും മടിക്കുന്നു. വളരെ കൂടുതലാണ് കിണറുകളിലെ വെള്ളത്തിൽ മാലിന്യത്തോത്. നേരത്തെ മരങ്ങളാൽ മൂടിയ ഈ പ്രദേശം വെളിമ്പറമ്പുപോലെയായിരിക്കുന്നു. അവശേഷിക്കുന്ന മരങ്ങൾ വിഷക്കാറ്റേറ്റ് ഉണങ്ങി നിൽക്കുകയാണ്.

ക്ലീൻ കേരള മിഷൻ ഡയറക്ടർ പ്രൊഫ. സലീം ഞെളിയൻപറമ്പിനടുത്ത വീടുകൾ ഒരിക്കൽ സന്ദർശിച്ചു. സാറെ, നിങ്ങളുടെ കൂടെ സ്ത്രീകളില്ലെ? ഉണ്ടെങ്കിൽ അവർക്കു കാണിച്ചുകൊടുക്കാമായിരുന്നു ഞങ്ങളുടെ ശരീരത്തിലെ രോഗങ്ങള്' എന്നാണ് ഇവിടുത്തെ സ്ത്രീകൾ കരഞ്ഞു പറഞ്ഞത്. തികച്ചും ഭീതിതമായ ഒറ്റപ്പെടലിന്റെ നോവിലാണിവർ. മക്കളെ ഇവിടേക്ക് വിവാഹം കഴിച്ചയനോ ഇവിടെനിന്ന് കെട്ടാനോ ആരും തയാറല്ല. കല്യാണം നടക്കുകയാണെങ്കിൽ തന്നെ ഇവിടെ നിന്ന് ഭക്ഷണം കഴിക്കാൻ ആളുകൾ ഒരുക്കമല്ല. പച്ചവെള്ളം പോലും കുടിക്കാൻ പലരും മടിക്കുന്നു. വളരെ കൂടുതലാണ് കിണറുകളിലെ വെള്ളത്തിൽ മാലിന്യത്തോത്. നേരത്തെ മരങ്ങളാൽ മൂടിയ ഈ പ്രദേശം വെളിമ്പറമ്പുപോലെയായിരിക്കുന്നു. അവശേഷിക്കുന്ന മരങ്ങൾ വിഷക്കാറ്റേറ്റ് ഉണങ്ങി നിൽക്കുകയാണ്.

ഞെളിയൻപറമ്പിൽ നിന്നൊഴുകുന്ന വെള്ളം ഒരു വിധ സംസ്കരണത്തിനും വിധേയമാക്കാതെ മൂന്നു കിലോമീറ്ററോളം അകലെയുള്ള ചാലിയാറിന്റെ കൈവഴിയായ ചെറുപുഴയിലേക്കാണ് തുറന്ന തോടിലൂടെ ഒഴുക്കി വിടുന്നത്. കറുത്ത് കൊഴുത്തിരുണ്ട വെള്ളം ചെറുപുഴയെ കാളിന്ദിയാക്കി. ഇതൊഴുകുന്ന തോട്ടിൽ നിന്നും ചേരുന്ന പുഴയിൽ നിന്നും ആളുകൾ മൽസ്യം പിടിച്ച് ഉപയോഗിക്കുന്നുമുണ്ട്.

മറ്റൊരു വൻ ദുരന്തത്തിനുകൂടി ഞെളിയൻ പറമ്പ് സാക്ഷ്യം വഹിക്കുന്നുണ്ട്. ചെന്നെയിലെ എവർഗ്രീൻ കമ്പനി നിർമിച്ച മാരകമായ ന്യൂട്രോഡർ എന്ന രാസവിഷമാണ് ഏതാനും




വർഷംമുമ്പ് മാലിന്യത്തിൻെറ അവശിഷ്ടത്തിനു മുകളിൽ പ്രയോഗിച്ചത്. ബാരലിന് ഏഴായിരം രൂപ വില വരുന്ന ന്യൂട്രോഡർ മൂന്ന് വലിയ ടിന്നാണ് ദിവസവും തളിച്ചത്. ഇതു തളിച്ചാൽ അണുക്കൾ ചത്ത് മാലിന്യക്കൂമ്പാരം മൂന്നിലൊന്നായി ചുരുങ്ങുമെന്നാണ് അധികൃതർ പറഞ്ഞത്. കാസർക്കോട്ട് തളിച്ച എൻഡോ സൾഫാനിനെക്കാളും മാരകമായ ന്യൂട്രോഡർ ഭാവിയിലെ ദുരന്തത്തെ ഭീകരമാക്കുന്നു.

**പുതിയ തട്ടിപ്പിന് കളമൊരുങ്ങുന്നു**

പുതിയ തട്ടിപ്പിനുള്ള ചെപ്പടി വിദ്യകളാണ് ഇപ്പോൾ ഞെളിയൻ പറമ്പിൽ നടന്നുകൊണ്ടിരിക്കുന്നത്. കൂട്ടിയിട്ട മാലിന്യ'തിരസ്കരണി'ക്കു മുകളിൽ യുപിയിൽ നിന്ന് കൊണ്ടുവന്ന പ്രത്യേക തരം ഷീറ്റ് വിരിക്കുന്നുണ്ട്. ഇതിനു മുകളിൽ ചുമന്ന മണ്ണിട്ട് മാലിന്യം മൂടുന്ന പണിയാണ് ഇപ്പോൾ നടക്കുന്നത്. മാലിന്യം പ്ലാൻറിൽ സംസ്കരിച്ചശേഷം ബാക്കി വരുന്നതാണ് പ്ലാസ്റ്റിക്കും റബറുമടങ്ങിയ തിരസ്കരണി. പരിസ്ഥിതിക്ക് ഗുരുതര ഭീഷണി ഉയർത്തുന്ന ഇത് ഒരുകാരണവശാലും പറമ്പിനകത്ത് ഇടരുതെന്നാണ് കോടതിയുടെ നിർദേശം. വർഷങ്ങളായി പ്ലാൻറിൻെറ പ്രവർത്തനം മുടങ്ങിയിട്ട്. തിരസ്കരണി എന്നു പറഞ്ഞ് മണ്ണിട്ടുമൂടുന്നത് സംസ്കരിക്കാത്ത മാലിന്യം തന്നെയാണ്. ഞെളിയൻ പറമ്പ് ഇവിടെ തന്നെ നിലനിർത്തുക എന്ന ലക്ഷ്യമാണ് കോടിക്കണക്കിന് മുതൽ മുടക്കുള്ള ഈ പണിക്കു പിന്നിലുള്ളത് . ഇതിനായി പരിസരവാസികളെ കുടിയൊഴിപ്പിക്കാനുള്ള ശ്രമവും ഇടക്ക് നടക്കുകയുണ്ടായി. നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് അത് തൽക്കാലം നിർത്തിവെച്ചിരിക്കുകയാണ്.

കോർപറേഷനെ സംബന്ധിച്ചിടത്തോളം കോടികളുടെ വരുമാനമുള്ള കറവപ്പശുവാണ് ഞെളിയൻ പറമ്പ്. ഇതിനു മുമ്പും ഇത്തരം കൺകെട്ടു വിദ്യകൾ കാണിച്ച് ലക്ഷങ്ങൾ പലരുടെയും പോക്കറ്റുകളിലേക്കൊഴുകിയെന്നത് നാട്ടുകാർ പറയുന്ന സത്യങ്ങൾ. കയർഫെഡിന് കാശു കൊടുത്ത് മാലിന്യത്തിനു മുകളിൽ പച്ചക്കറി നട്ട് അത് കയറ്റിയയക്കാൻ പറ്റുമെന്ന് പറഞ്ഞ് നാട്ടുകാരെ പറ്റിച്ച കഥ അതിലൊന്ന്. സിങ്കപ്പൂർ സാങ്കേതിക വിദ്യയാണ് ഏറ്റവും ഒടുവിലായി ഇറക്കിയ നമ്പർ. വ്യവസായ മന്ത്രി എളമരം കരീമും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയുമടക്കമുള്ളവർ കഴിഞ്ഞ മാസം ചേർന്ന യോഗത്തിലാണ് ഇതിന് തീരുമാനമായത്. സിങ്കപ്പൂർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പാചക വാതകം ഉൽപാദിപ്പിക്കും എന്നാണ് ഇതിൽ എടുത്ത തീരുമാനം. ഇപ്പോൾ വരുന്ന 300ടൺ മാലിന്യം 50ടൺ ആക്കി ചുരുക്കുമെന്നും പറയുന്നു. എന്നാൽ, കുറഞ്ഞ മാലിന്യം കൊണ്ട് എങ്ങനെ ഗ്യാസ് ഉൽപാദിപ്പിക്കാനാവുമെന്ന ചോദ്യം അവശേഷിക്കുന്നു.

ചുരുങ്ങിയ കാലയളവിൽ കോടികൾ ഇതിനുവേണ്ടി ചെലവഴിച്ചതായി അധികൃതർ അവകാശപ്പെടുന്നു. എന്നിട്ടുമെന്തേ പ്രശ്നത്തിൽ തരിമ്പും പരിഹാരമായില്ലെന്ന് ജനങ്ങളുടെ തിരിച്ചുള്ള ചോദ്യത്തിന് അധികൃതർക്ക് മറുപടിയില്ല.

**സമരചരിത്രങ്ങൾ**

ദേശത്തിൻെറ രണ്ടാം തലമുറയാണ് ഇപ്പോൾ സമരമുഖത്തുള്ളത്. 1994 മുതൽ സമരങ്ങളുടെ വേലിയേറ്റമായിരുന്നു. ഇക്കാലയളവിൽ ഒന്നിലധികം സമര മുന്നണികൾ പിറന്നു. പലപല സംഘടനകളും മാറിമാറി സമരം നടത്തി. ഇതിനിടക്ക് പ്രശ്നപരിഹാരത്തിനുതകുന്ന പല നിർണായക തീരുമാനങ്ങളും ഉണ്ടായി. എന്നാൽ, എല്ലാം പാഴാക്കിക്കളയുകയായിരുന്നു അധികൃതർ. പൗരസമിതി നടത്തിയ നിയമ പോരാട്ടത്തിനൊടുവിൽ സംസ്കരണ പ്ലാൻറ് സ്ഥാപിക്കാൻ തീരുമാനമായി. 2000ത്തിൽ പ്ലാൻറ് വന്നതോടെ അതുവരെയുണ്ടായിരുന്ന പ്രശ്നം പതിൻമടങ്ങു വർധിച്ചു. പ്ലാൻറ് ലക്ഷ്യമിട്ട് വിദൂര ദിക്കുകളിൽനിന്നുപോലും മാലിന്യം ഇവിടേക്ക് ഒഴുകി. പിന്നീട് പിറന്ന ഞെളിയൻ പറമ്പ് മാലിന്യ നിർമാർജന കമ്മിറ്റി സമരം ഏറ്റെടുത്തു. അവർ ചെന്നു കണ്ടതു പ്രകാരം പ്ലാൻറ് മാറ്റി സ്ഥാപിക്കാൻ മണ്ഡലം എംഎൽഎയായ വി.കെ.സി മമ്മദ്കോയ വാദിച്ചു. തീരുമാനമായെങ്കിലും നടന്നില്ല.

പ്രധാന വഴിത്തിരിവുണ്ടായത് 2005ലാണ്. അന്നത്തെ വിദ്യാഭ്യാസ മന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ വിളിച്ചുചേർത്ത യോഗത്തിൽ ഞെളിയൻ പറമ്പ് മറ്റൊരു സ്ഥലത്തേക്കു മാറ്റാനുള്ള തീരുമാനമെടുത്തു. പക്ഷെ, അതുണ്ടായില്ല. കെട്ടിക്കിടക്കുന്ന മാലിന്യം വളമാക്കാൻ പോബ്സ് ഗ്രീൻ കമ്പനിക്ക് കരാർ കൊടുത്തെങ്കിലും അതും പൊളിഞ്ഞു. 2007ൽ പുതിയ ഭരണം വന്നു. എൽഡിഎഫ് അധികാരത്തിലേറി. ആ വർഷം തദ്ദേശ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർണായക തീരുമാനം പിറന്നു. മാലിന്യങ്ങൾ ഉൽഭവസ്ഥലത്ത് തന്നെ സംസ്കരിക്കുക എന്നതായിരുന്നു അത്. എന്നാൽ,കോർപറേഷൻ ആ തീരുമാനത്തിന് ഒരുവിധ പരിഗണനയും നൽകിയില്ല. മൂന്നു വർഷങ്ങൾക്കുശേഷവും വികേന്ദ്രീകരണ പ്രക്രിയക്ക് ഒരുക്കങ്ങൾ പോലും നടത്തിയില്ല.

ഇതിനിടയ്ക്കുണ്ടായ സമരങ്ങളെല്ലാം ഭരണകക്ഷിയയായ സി.പി.എമ്മും പ്രതിപക്ഷമായ ലീഗും ചേർന്ന് പൊളിച്ചു. ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും ഞെളിയൻ പറമ്പ് പ്രശ്നം പറഞ്ഞ് ഇരുവിഭാഗവും വോട്ട് നേടി. പ്രശ്നപരിഹാരത്തിന് സമ്മർദ്ദശക്തിയാവാൻ ലീഗിനായില്ല. ഇപ്പോൾ സമരരംഗത്തുള്ള ഞെളിയൻ പറമ്പ് സമര സമിതിയെയും പൊളിക്കാനുള്ള ശ്രമങ്ങൾ ഇരുപക്ഷത്തുനിന്നും തുടരുന്നു. എന്നാൽ, ഇനിയും സഹിക്കാനാവാത്ത നാട്ടുകാർ സമിതിക്ക് പിന്തുണ അർപ്പിച്ച് പുതിയ സമരമുഖം തുറക്കുയാണ്. ഇനിയൊരു മൂന്നാം തലമുറക്ക് ഇത് കൈമാറില്ലെന്ന നിശ്ചയദാർഢ്യത്തോടെ.

ബന്ധങ്ങൾക്ക്: 9895296664